**<u>വ്യവസായ വാണിജ്യ ഡയറക്ടറുടെ നടപടിക്രമം</u>**
**<u>(അവതരണം : VISHNURAJ P IAS)</u>**

നം.DIC/12713/2018-ED3-Part(1) തീയതി : 06-05-2025

വിഷയം:- വ്യവസായം- ജീവനക്കാര്യം- ഉപ ജില്ലാ വ്യവസായ ഓഫീസർ തസ്തികയിലെ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്നു-

പരാമർശം:- 1. 29.04.2025 തീയതിയിലെ പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജറുടെ DICPKD/1441/2019-E1 നമ്പർ ഉത്തരവ്.

2. 26.03.2025 തീയതിയിലെ ശ്രീമതി.ഗിരിജ.വി.എൻ, ഉപ ജില്ലാ വ്യവസായ ഓഫീസറുടെ സ്ഥലംമാറ്റ അപേക്ഷ.

പരാമർശം (1) പ്രകാരം മണ്ണാർക്കാട് താലൂക്ക് വ്യവസായ ഓഫീസിൽ ഉപ ജില്ലാ വ്യവസായ ഓഫീസറായി ജോലി ചെയ്തു വരുന്ന ശ്രീമതി. വനജ.ടി.കെ, 30.04.2025 തീയതിയിൽ സർക്കാർ സേവനത്തിൽ നിന്നും സ്വമേധയാ വിരമിച്ചതിനാൽ ടി ഓഫീസിൽ ടി തസ്തികയിൽ ഒഴിവു വന്നിട്ടുണ്ട്. പാലക്കാട് ജില്ലയിൽ വരുന്ന ഒഴിവിലേക്ക് തന്നെ പരിഗണിക്കണമെന്ന് വയനാട് ജില്ലാ വ്യവസായകേന്ദ്രം ഉപജില്ലാ വ്യവസായ ഓഫീസറായ ശ്രീ അതുൽ ആർ അപേക്ഷ സമർപ്പിച്ചിരുന്നതാണ്. മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഉപജില്ലാ വ്യവസായ ഓഫീസറായി ജോലി ചെയ്തുവരുന്ന ശ്രീമതി.ഗിരിജ.വി.എൻ-ന്, ടിയാൾ 31.05.2025 തീയതിയിൽ സർവീസിൽ നിന്നും വിരമിക്കുന്ന സാഹചര്യത്തിൽ മാതൃജില്ലയായ വയനാടിലേക്ക് സ്ഥലം മാറ്റം നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

**<u>ഉത്തരവ്</u>**

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന ഉപ ജില്ലാ വ്യവസായ ഓഫീസർമാർക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

**<u>സ്ഥലംമാറ്റം</u>**

**1.** മണ്ണാർക്കാട് താലൂക്ക് വ്യവസായ കേന്ദ്രത്തിൽ ഉപ ജില്ലാ വ്യവസായ ഓഫീസറായി ജോലി ചെയ്തു വരുന്ന ശ്രീമതി.വനജ.ടി.കെ 30.04.2025 തീയതിയിൽ സർക്കാർ സേവനത്തിൽ നിന്നും സ്വമേധയാ വിരമിച്ച ഒഴിവിലേക്ക് വയനാട് ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഉപ ജില്ലാ വ്യവസായ ഓഫീസറായി ജോലി ചെയ്തു വരുന്ന ശ്രീ.അതുൽ.ആർ (പെൻ:735724)-ന് സ്ഥലംമാറ്റം നൽകി നിയമിക്കുന്നു.

**2.** വയനാട് ജില്ലാ വ്യവസായ കേന്ദ്രത്തിൽ ഉപ ജില്ലാ വ്യവസായ ഓഫീസറായി ജോലി ചെയ്തു വരുന്ന ശ്രീ.അതുൽ.ആർ-ന് സ്ഥലംമാറ്റം നൽകുമ്പോൾ ഉണ്ടാകുന്ന ഒഴിവിലേക്ക് മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉപ ജില്ലാ വ്യവസായ ഓഫീസർ ആയ ശ്രീമതി.ഗിരിജ.വി.എൻ (പെൻ:201347)-ന് സ്ഥലംമാറ്റം നൽകി നിയമിക്കുന്നു.

സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാർ ജോലിയിൽ പ്രവേശിച്ച വിവരം നിയന്ത്രണാധികാരി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ഉത്തരവ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ് (www.industry.kerala.gov.in). ആയത് വെബ് സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്. ഉത്തരവിന്റെ പകർപ്പ് നിയന്ത്രണാധികാരിക്കും സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാർക്കും പ്രത്യേകം നൽകുന്നതല്ല.

VISHNURAJ P IAS

DIRECTOR

സ്വീകർത്താവ്:- മേൽ പരാമർശിച്ച എല്ലാ ജീവനക്കാർക്കും (നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
2. ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, മലപ്പുറം/വയനാട്/പാലക്കാട്.
3. ഐ.റ്റി സെക്ഷൻ / ഇ.ഇ സെക്ഷൻ.
4. സ്റ്റോക്ക് ഫയൽ / അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

Signed by
K.r. Hiranmayi
Date: 07-05-2025 10:31:22